## കേരള ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടറുടെ (FW) നടപടിക്രമങ്ങൾ

വിഷയം : ആ.വ.ഡ — JPHN Gr. II, I & PHN സീനിയോറിറ്റി പട്ടികകളിൽ ശ്രീമതി. സൗദാമിനി. വി. കെ (PHN (LHI) PHC, വെള്ളാങ്കല്ലൂർ, തൃശ്ശൂർ) യുടെ പേര്, ജനന തീയതി എന്നിവയിൽ വന്ന തെറ്റുകൾ തിരുത്തി പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്

സൂചന : 1. കത്ത് നമ്പർ. എ4/14902/2019/ജി. മെ. ഒ(ആ), തൃശ്ശൂർ, തീയതി. 19.09.2019

2. 15.05.2007 ൽ പ്രസിദ്ധീകരിച്ച ഉത്തരവ് നമ്പർ. FW(Spl. Cell) 94660/06/DHS പ്രകാരമുള്ള JPHN Gr. II ജീവനക്കാരുടെ സീനിയോറിറ്റി പട്ടിക

3. 15.05.2007 ൽ പ്രസിദ്ധീകരിച്ച ഉത്തരവ് നമ്പർ FW(Spl. Cell) 94660/06/DHS പ്രകാരമുള്ള JPHN Gr. I ജീവനക്കാരുടെ സീനിയോറിറ്റി പട്ടിക

4. 30.05.2014 ൽ പ്രസിദ്ധീകരിച്ച ഉത്തരവ് നമ്പർ. ഇ. എസ് 5/76811/2012/DHS പ്രകാരമുള്ള PHN(LHI) ജീവനക്കാരുടെ സീനിയോറിറ്റി പട്ടിക.

### ഉത്തരവ് നം. ഇ.എസ്5/77955/19/ആ.വ.ഡ/തീയതി : 26/10/2019

തൃശ്ശൂർ ജില്ലയിൽ വെള്ളാങ്കല്ലൂർ പി. എച്ച്. സിയിൽ (PHN (LHI) ആയി ജോലി ചെയ്തുവരുന്ന ശ്രീമതി. സൗദാമിനി. വി. കെ, സൂചന 2, 3 പ്രകാരമുള്ള JPHN Gr. II & I സീനിയോറിറ്റി പട്ടികകളിൽ, ടിയാളുടെ പേര് സുധാമണി. വി. കെ എന്നും സൂചന 4 പ്രകാരമുള്ള LHI മാരുടെ സീനിയോറിറ്റി പട്ടികയിൽ പേര് സുധാമണി. കെ. ആർ എന്നും ജനനത്തീയതി 17.05.1966 ന പകരം തെറ്റായി 17.05.1956 എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്, എന്നും ആയത് തിരുത്തൽ ചെയ്യേണ്ടതിനായി സൂചന 1 പ്രകാരം തൃശ്ശൂർ ജില്ലാ മെഡിക്കൽ ആഫീസർ മുഖേന നൽകിയ അപേക്ഷ പരിഗണിച്ച് ടിയാളുടെ സേവനക്കാര്യങ്ങളുമായി ബന്ധപ്പെട്ട രേഖകൾ വിശദമായി പരിശോധിക്കുകയുണ്ടായി. ഇതിന്റെ വെളിച്ചത്തിൽ ശ്രീമതി. സൗദാമിനി. വി. കെ, PSC Advice No. R1(2)/368/90, Dated: 14.11.1991 പ്രകാരം 20.12.1991 ൽ JPHN Gr. II ആയി ജോലിയിൽ പ്രവേശിക്കുകയും സൂചന 2 പ്രകാരമുള്ള JPHN Gr. II ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ 2902-)ം റാങ്ക് നമ്പറും ഇതിനാനുപാതികമായി സൂചന 3 പ്രകാരമുള്ള JPHN Gr. I ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ 2771 –)ം സ്ഥാനവും സൂചന 4 പ്രകാരമുള PHN തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ 931-)ം റാങ്ക് നമ്പർ സ്ഥാനവും ലഭിച്ചു. പ്രസ്തുത സീനിയോറിറ്റി പട്ടികകളിൽ ശ്രീമതി. സൗദാമിനി. വി. കെ യുടെ പേരിലും ജനനത്തീയതിലും വന്ന പിശക് ബോധ്യപ്പെട്ട സാഹചര്യത്തിൽ മേൽ സൂചിപ്പിച്ച JPHN Gr. II & I സീനിയോറിറ്റി പട്ടികകളിൽ റാങ്ക് നമ്പർ യഥാക്രമം 2902, 2771 എന്നീ സ്ഥാനങ്ങളിലെ സുധാമണി. വി. കെ യും,

സൂചന 4 പ്രകാരമുള്ള PHN (LHI) സീനിയോറിറ്റി പട്ടികയിലെ റാങ്ക് നമ്പർ 931-)o സ്ഥാനത്തുള്ള കെ. ആർ. സുധാമണി എന്നീ പേരുകൾക്ക് പകരം സൗദാമിനി. വി. കെ (SAUDAMINI. V. K) എന്നും, തെറ്റായി രേഖപ്പെടുത്തിയ ജനനത്തീയതി 17.05.1956 എന്നതിന് പകരം 17.05.1966 എന്നും തിരുത്തൽ വരുത്തി സ്ഥിരീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

| Name | Date of Birth | Qualification | Date of Joining | PSC Advice Date & Order | Rank. No. in seniority list of | | | Remarks |
|---|---|---|---|---|---|---|---|---|
| | | | | | JPHN Gr. II | JPHN Gr. I | PHN | |
| SAUDAMINI. V. K | 17.05.1966 | SSLC/ ANM | 20.12.1991 | R1(2)368/90, Dated: 14.11.1991 | 2902 | 2771 | 931 | Correction of Name and Date of Birth |

ഒപ്പ്/-
ഡോ. വി. ആർ. രാജു
ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ(FW)i/c

സ്വീകർത്താവ്

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും (ആരോഗ്യ വകുപ്പ് വെബ് സൈറ്റ്മുഖേന)
2. മെഡിക്കൽ ഓഫീസർ i/c, പി. എച്ച്. സി. വെള്ളാങ്കല്ലൂർ, തൃശ്ശൂർ
3. ശ്രീമതി. സൗദാമിനി. കെ, പി. എച്ച്. സി. വെള്ളാങ്കല്ലൂർ, തൃശ്ശൂർ (ഉചിതമാർഗ്ഗേന)
4. സൂപ്രണ്ട്, FWA സെക്ഷൻ
5. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്